പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*137 04-12-2018-ലെ മറുപടിയ്ക്ക്

# പ്രളയം കാർഷിക മേഖലയിൽ സൃഷ്ടിച്ച നാശനഷ്ടങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കെ. ശശീന്ദ്രൻ<br>ശ്രീമതി.യു. പ്രതിഭ<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.യു.ആർ. പ്രദീപ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തുണ്ടായ മഹാപ്രളയം കാർഷിക മേഖലയിൽ സൃഷ്ടിച്ച നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; കർഷകർക്ക് നഷ്ട പരിഹാരം നൽകുന്നത് പൂർത്തിയായോ; | (എ) | 2018 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷികമേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്.<br><br>മഹാപ്രളയത്തിൽ സംഭവിച്ച കൃഷിനാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഇതുവരെ 3,05,964 കർഷകർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 2,32,966 കർഷകർക്ക് SDRF ഫണ്ടിൽ നിന്നും 66.747 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ, സംസ്ഥാന വിഹിതമായി 2,18,198 കർഷകർക്ക് 110.27 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളിമണ്ണ്, പാറ, മറ്റു അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽ മൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും 525 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തിരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 11,750 കർഷകർക്ക് നഷ്ടപരിഹാരമായി 18.19 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ഭീമ യോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും വായ്പ എടുത്തിട്ടും വിള ഇറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് |

| | | | |
|---|---|---|---|
| | | | തുകയുടെ 25% നൽകുന്നതിന് സർക്കാർ തീരുമാനിച്ചു. |
| (ബി) | ഈ സർക്കാർ കാർഷിക മേഖലയിൽ ദീർഘ വീക്ഷണത്തോടെയും കാര്യക്ഷമതയോടെയും നടത്തിയ ഇടപെടലിന്റെ ഫലമായി സൃഷ്ടിച്ച നേട്ടം പ്രളയത്തിൽ തകർന്നടിഞ്ഞ സാഹചര്യത്തിൽ ആയത് പുന:സ്ഥാപിക്കാനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) | കാർഷികമേഖലയ്ക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി സംസ്ഥാന കൃഷിവകുപ്പ് ബഹുമുഖ പദ്ധതികളാണ് തയ്യാറാക്കി കേന്ദ്ര കൃഷിമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലായി 1603 കോടി രൂപയുടെ കേന്ദ്ര ധനസഹായം ആവശ്യപ്പെട്ടു കൊണ്ടുള്ള മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്ര കൃഷിമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. 'മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ' എന്ന പദ്ധതിയിൻ കീഴിൽ 102.1855 കോടി രൂപയുടെ അധിക ധനസഹായത്തിനുള്ള നിർദ്ദേശം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി സമർപ്പിക്കുകയും കേന്ദ്രസർക്കാർ ഈയിനത്തിൽ 93.39 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തെങ്ങ്, സുഗന്ധവിളകൾ, വാഴ, പച്ചക്കറികൾ, വീട്ടുവളപ്പിലെ കൃഷി, മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തൽ എന്നീ ഘടകങ്ങളിൽ ആയി ഇന്റർനാഷണൽ ഫണ്ട് ഫോർ അഗ്രികൾച്ചർ ഡെവലപ്മെന്റ് (I.F.A.D) ൽ നിന്നും 500 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപയുടെ പദ്ധതി തയാറാക്കി സമർപ്പിച്ചിട്ടുണ്ട്.<br><br>പ്രളയക്കെടുതികളിൽ നിന്നും കർഷകരെ കൈപിടിച്ച് ഉയർത്തുന്നതിനും ശാസ്ത്രീയ സമീപനത്തിലൂടെയും സന്നദ്ധ സേവനത്തിലൂടെയും കാർഷികമേഖലയെ പുനഃസൃഷ്ടിക്കുന്നതിനുമായി "പുനർജ്ജനി" എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.<br><br>കർഷകർക്ക് ആവശ്യമായ മാനസികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകി അവരെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യം |

| | | | |
|---|---|---|---|
| | | | വച്ചുകൊണ്ട് കൃഷിവകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന ആസൂത്രണബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള 2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി "പുനർജ്ജനി" എന്ന പേരിൽ ഒരു പാക്കേജ് തയ്യാറാക്കി നൽകിയിട്ടുണ്ട്. |
| **(സി)** | പ്രളയം മണ്ണിനുണ്ടാക്കിയ ശോഷണം പുന:സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; നടീൽ വസ്തുക്കളുടെയും വളത്തിന്റെയും കാർഷിക വായ്പയുടെയും ലഭ്യത ഉറപ്പാക്കാനായി നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ? | **(സി)** | മണ്ണിന്റെ ശോഷണം പുന:സ്ഥാപിക്കുന്നതിനായി 2018-19 വർഷത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പാക്കുന്ന മണ്ണിന്റേയും വേരിന്റേയും ആരോഗ്യ പരിപാലന പദ്ധതി കൂടാതെ 10000 ഹെക്ടർ കൃഷിഭൂമിയിൽ കുമ്മായ വിതരണത്തിനായി 90.00 കോടി രൂപയുടെ പ്രത്യേക പാക്കേജ് പദ്ധതിയിൽ 540.00 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>പ്രളയത്തിൽ നെൽകൃഷി നശിച്ച പോയ മുഴവൻ കർഷകർക്കും വീണ്ടും വിതയ്ക്കുന്നതിന് 5650.85 മെട്രിക് ടൺ വിത്ത് പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. ഈ വകയിൽ കർഷകർക്ക് 22.6 കോടി രൂപയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഇതോടൊപ്പം ഒരു കോടി പച്ചക്കറിതൈകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ 50 ലക്ഷം പച്ചക്കറിവിത്ത് പാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്തുകഴിഞ്ഞു. കൃഷിയിടങ്ങളിലേക്ക് ആവശ്യമായ കുമ്മായം 75% സബ്സിഡി നിരക്കിൽ, 43,100 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടർ ഒന്നിന് 5400 രൂപ നിരക്കിൽ വിതരണം ചെയ്തു. ഈ ഇനത്തിൽ 23.40 കോടി രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിച്ചിട്ടുണ്ട്. ഈ ആനുകൂല്യം 10,000 ഹെക്ടർ സ്ഥലത്തേയ്ക്ക് കൂടി ലഭ്യമാക്കുന്നതിന് 5.4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ, 12 ലക്ഷം വേരുപിടിപ്പിച്ച കുരുമുളക് തൈകൾ പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. ഇഞ്ചി, മഞ്ഞൾ എന്നിവയുടെ 364.5 മെട്രിക് ടൺ നടീൽ വസ്തുക്കളും, ജാതി, ഗ്രാമ്പു എന്നിവയുടെ 15800 തൈകളും സൗജന്യനിരക്കിൽ കർഷകർക്ക് ലഭ്യമാക്കി. 22 ലക്ഷം വാഴക്കന്നുകൾ വാങ്ങുന്നതിലേയ്ക്കായി, സബ്സിഡി നിരക്കിൽ ആകെ 2.4 കോടി രൂപ |

| | | | |
|---|---|---|---|
| | | | അനുവദിച്ചിട്ടുണ്ട്.<br>മഴക്കെടുതി മൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം കാർഷിക കടങ്ങൾക്കും വിദ്യാഭ്യാസ വായ്പകൾക്കും 2018 ജൂലൈ 31 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു. പ്രളയബാധിത ജില്ലകളിലെ കർഷകരുടെ കാർഷിക വായ്പകൾ പുന:ക്രമീകരിക്കുന്നതിനും മോറട്ടോറിയത്തിന്റെ കാലപരിധി കഴിഞ്ഞശേഷം ടേം ലോൺ ആക്കിയാൽ കൂട്ടുപലിശ ഒഴിവാക്കി സാധാരണ പലിശ മാത്രം ഈടാക്കുവാനും തിരിച്ചടവ് തുക തവണകളായി അഞ്ചുവർഷംകൊണ്ട് തിരിച്ചടക്കാവുന്ന രീതിയിൽ പുന:ക്രമീകരിക്കുവാനും സംസ്ഥാനതല ബാങ്കേഴ്സ് സമിതി പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ തീരുമാനമായിട്ടുണ്ട്.<br>വളത്തിന്റെ ലഭ്യത ഉറപ്പാക്കുവാനായി കേന്ദ്ര സർക്കാരിൽ കേരളത്തിലെ കൃഷി വിസ്തീർണ്ണത്തിന്റെ അനുപാതത്തിനും കഴിഞ്ഞ വർഷത്തെ വളത്തിന്റെ ഉപഭോഗത്തിനും അനുസരിച്ച് കണക്കുകൾ സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ മാസത്തിലേക്കും കൃഷി വകുപ്പ് ആവശ്യപ്പെട്ട വളങ്ങൾ അനുവദിക്കുകയും ചെയ്തു. ഇതിനു പുറമെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ മാസം യൂറിയ അനുവദിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ